"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - തൃശ്ശൂർ വിവേകോദയം ഗേൾസ് ഹൈസ്കൂളിലെ ഫുൾ ടൈം മീനിയൽ, ശ്രീമതി വി. വിനീതയുടെ നിയമനാംഗീകാരം - റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3984/2026/GEDN തീയതി,തിരുവനന്തപുരം, 16-06-2026

---

പരാമർശം:- 1. ശ്രീമതി വി. വിനീത 19.08.2025 തീയതിയിൽ സമർപ്പിച്ച റിവിഷൻ ഹർജി.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20.03.2026 തീയതിയിലെ ഡിജിഇ/22948/2025/ഇസി4 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

തൃശ്ശൂർ വിവേകോദയം ഗേൾസ് ഹൈസ്കൂളിലെ ഫുൾ ടൈം മീനിയൽ, ശ്രീമതി വിനീത വി. യുടെ നിയമനാംഗീകാരം നിരസിച്ചതിനെതിരെ ടിയാൾ പരാമർശം (1) പ്രകാരം റിവിഷൻ പെറ്റീഷൻ സമർപ്പിച്ചിരുന്നു.

2. പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. തൃശ്ശൂർ വിവേകോദയം ഗേൾസ് ഹൈസ്കൂളിലെ എഫ് ടി എം, ശ്രീമതി ലക്ഷ്മി മേനോന് 01.06.2023 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിലാണ് മാനേജർ 01/06/2023 മുതൽ ശ്രീമതി വി വിനീതയെ എഫ് ടി എം തസ്തികയിൽ നിയമിച്ചിട്ടുള്ളത്. ശ്രീമതി ലക്ഷ്മി മേനോന്റെ 01/06/2020 മുതലുള്ള എഫ് ടി എം നിയമനം ടിയാൾ ബിരുദധാരി ആയതിനാൽ തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും നിരസിക്കുകയും തുടർന്ന് ഫയൽ ചെയ്ത അപ്പീലുകൾ വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ, സർക്കാർ എന്നിവിടങ്ങളിൽ നിന്നും നിരസിക്കുകയും ചെയ്തു. നിയമനാംഗീകാരം ലഭിക്കുന്നതിനായി ശ്രീമതി ലക്ഷ്മി മേനോൻ ഫയൽ ചെയ്ത റിട്ട് പെറ്റീഷനിൽ WP(C) 16801/ 2022 അന്തിമ വിധിന്യായം ആയിട്ടില്ല. മേൽ റിട്ട് ഹർജി വിധിന്യായത്തിന് വിധേയമായിട്ടാണ് ടിയാളുടെ ഓഫീസ് അറ്റന്റന്റ് തസ്തികയിലുള്ള നിയമനം നടത്തിയിരിക്കുന്നത്. 01.06.2020 മുതലുള്ള ഫുൾ ടൈം മീനിയൽ തസ്തികയിലെ നിയമനം അംഗീകരിക്കാത്തതിനാൽ കേരള വിദ്യാഭ്യാസ ചട്ടം, അധ്യായം 14 എ, ചട്ടം 43 അവകാശി ആയി നിയമിതയെ നിലവിൽ പരിഗണിക്കുവാൻ നിർവാഹമില്ലാത്തതിനാലും നിയമന അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ സമർപ്പിക്കാത്തതിനാലും ശ്രീമതി ലഷ്മി മേനോന്റെ ഓഫീസ് അറ്റന്റന്റ് നിയമനവും അംഗീകരിച്ചിട്ടില്ലാത്തതാണ്. നിലവിൽ ശ്രീമതി ലക്ഷ്മി മേനോന്റെ എഫ് ടി എം, ഓഫീസ്

അറ്റൻഡന്റ് നിയമനങ്ങൾ അംഗീകരിച്ചിട്ടില്ല. അതിനാൽ ശ്രീമതി വിനീത വി.യെ നിയമിച്ച തസ്തിക വ്യവസ്ഥാപിതമല്ല. നിയമനം നിരസിക്കാനുണ്ടായ സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നതിനാൽ ശ്രീമതി വി വിനീതയുടെ 01.06.2023 മുതലുള്ള എഫ് ടി എം തസ്തികയിലെ നിയമനം പരിഗണനാർഹമല്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ വിവേകോദയം ഗേൾസ് ഹൈസ്കൂളിലെ ഫുൾ ടൈം മീനിയൽ ആയ ശ്രീമതി വിനീത വി.യെ നിയമിച്ച തസ്തിക വ്യവസ്ഥാപിതമല്ലാത്തതിനാൽ 01.06.2023 മുതലുള്ള എഫ് ടി എം തസ്തികയിലെ നിയമനം പരിഗണനാർഹമല്ല. ശ്രീമതി വിനീത വി. സമർപ്പിച്ചിരിക്കുന്ന റിവിഷൻ പെറ്റീഷൻ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

ശ്രീമതി വിനീത വി., എഫ്.ടി.എം., വിവേകോദയം ഗേൾസ് ഹൈസ്കൂൾ,
തൃശ്ശൂർ - 680 001
മാനേജർ, വിവേകോദയം ഗേൾസ് ഹൈസ്കൂൾ, തൃശ്ശൂർ - 680 001
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/176/2025-G.EDN)

ഉത്തരവിൻ പ്രകാരം
Signed by
Alex G C
സെക്ഷൻ ഓഫീസർ
Date: 18-06-2026 11:06:58

പകർപ്പ്:
പൊതുവിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.